# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4634** **04.02.2014-ൽ മറുപടിക്ക്**

<u>തൈക്കാട്-വെള്ളയമ്പലം റോഡ് നടപ്പാത നിർമ്മാണത്തിലെ പാകപ്പിഴ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| <u>ശ്രീ. കെ. എൻ. എ. ഖാദർ</u> | <u>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്</u><br><u>പൊതുമരാമത്ത് വകുപ്പ് മന്ത്രി</u> |
| (എ) തൈയ്ക്കാട് - വെള്ളയമ്പലം റോഡിനോട് ചേർന്ന നടപ്പാതകളുടെ നിർമ്മിതി തീർത്തും അശാസ്ത്രീയമായ വിധത്തിലായതു കാരണം വൃദ്ധർക്കും, അംഗപരിമിതിയുള്ളവർക്കും ഈ നടപ്പാത ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; സുഗമമായ കാൽനടയാത്രയ്ക്കുതകും വിധം പ്രസ്തുത നടപ്പാത പരിഷ്ക്കരിക്കുമോ ; | (എ) തൈക്കാട് - വെള്ളയമ്പലം റോഡിൽ തൈക്കാട് മുതൽ വഴുതക്കാട് വരെയുള്ള ഭാഗം ഭൂമി ഏറ്റെടുത്ത് വീതികൂട്ടാൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതു പൂർത്തിയാകുമ്പോൾ ഈ ഭാഗത്തെ നടപ്പാത കാൽനടയാത്രകാർക്ക് സുഗമമായി യാത്ര ചെയ്യുവാൻ തക്കവണ്ണം പരിഷ്കരിക്കപ്പെടും. ബാക്കിവരുന്നതായ വഴുതക്കാട് മുതൽ വെള്ളയമ്പലം വരെയുള്ള ഭാഗത്ത് ഇപ്പോൾ നടപ്പാത നിലവിലുണ്ട്. അവയുടെ അറ്റകുറ്റപണികളും ഇതോടൊപ്പം ചെയ്യുന്നതാണ്. |
| (ബി) റോഡു വക്കിലെ പുൽത്തകിടികളുടെ നനയ്ക്കൽ രാത്രികാലങ്ങളിലേക്കാക്കി ജലോപയോഗം കുറയ്ക്കുകയും ഗതാഗത തടസ്സത്തിനുള്ളസാഹചര്യം ഒഴിവാക്കുകയും ചെയ്യുമോ? | (ബി) രാത്രികാലങ്ങളിൽ റോഡുവക്കിലെ പുൽത്തകിടികളുടെ നനക്കലിന് തൊഴിലാളികൾക്ക് അധിക കൂലി നൽകേണ്ടിവരുമെന്നത് കൊണ്ടും, മറ്റു പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടുമാണ് അതിരാവിലെ ഈ പ്രവൃത്തി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ